# IV. റിപ്പോർട്ട് സമർപ്പണം

## അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ 27-ാമത് റിപ്പോർട്ട്

ശ്രീ. എ. സുജനപാൽ: സർ, അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച് സമിതിയുടെ 27-ാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

# V. ക്രമപ്രശ്നം

## സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് അവതരണം സംബന്ധിച്ച്

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ബഹുമാനപ്പെട്ട സ്പീക്കർക്ക് കാര്യവിവരപ്പട്ടികയിൽ മാറ്റം വരുത്താനുള്ള അവകാശമുണ്ടെന്ന് അംഗീകരിച്ചുകൊണ്ടുതന്നെയാണ് ഞാൻ ഇത് പറയുന്നത്. ബിസിനസ് അഡ്വൈസറി കമ്മിറ്റി തീരുമാനപ്രകാരം ഇന്ന് VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ട് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ.നാലകത്ത് സൂപ്പി സമർപ്പിക്കേണ്ടതായിരുന്നു. ഇന്ന് സർക്കുലേറ്റ് ചെയ്ത കാര്യവിവരപ്പട്ടികയ്ക്കകത്ത് അത് പറയുന്നുണ്ട്. മാത്രമല്ല നമ്മൾ ഇവിടെ അംഗീകരിച്ച തീരുമാനത്തിനകത്തും ഇതുണ്ടായിരുന്നു. അത് ഇന്ന് സമർപ്പിക്കപ്പെടുമെന്ന് പറഞ്ഞിരുന്നു. പക്ഷേ സമർപ്പിച്ചില്ല. ക്യാബിനറ്റ് യോഗത്തിൽ ചർച്ച ചെയ്ത് തീരുമാനം എടുത്ത് വരുമെന്ന് പറഞ്ഞു. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ഇന്ന് സമർപ്പിക്കുമെന്ന് ഇന്നലെ സർക്കുലേറ്റ് ചെയ്ത കാര്യവിവരപ്പട്ടികയിലുണ്ട്. അതെന്താണ് മാറാൻ കാരണം? യഥാർത്ഥത്തിൽ റൂൾ 79 (1 എ) അനുസരിച്ച് ബില്ലിനെ സംബന്ധിച്ച് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് കിട്ടിയാൽ രണ്ടു ദിവസമെങ്കിലും അത് പഠിക്കാനുള്ള സമയം വേണം. ഇനി അത് എപ്പോഴാണ് വരികയെന്നത് അനിശ്ചിതത്വത്തിലാണ്. ഇന്നലെ സബ്ജക്ട് കമ്മിറ്റി യോഗം ചേർന്ന സമയത്ത് ബഹുമാനപ്പെട്ട കെ.എം. മാണി അതിൽ പങ്കെടുത്തതോടെയാണ് സ്ഥിതി മാറിയത്. അദ്ദേഹം അതിൽ പങ്കെടുത്തത് എങ്ങനെയെന്ന് എനിക്കറിയില്ല. പങ്കെടുക്കാൻ അധികാരമുണ്ടോ? അവ്യക്തമാണ്. കമ്മിറ്റി തീരുമാനിച്ചാണ് പങ്കെടുത്തതെങ്കിൽ ഞാൻ എതിർക്കുന്നില്ല.

മി. സ്പീക്കർ: It is with my permission.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: അതിനകത്തെടുത്ത നിലപാട്, ഒരു 'കോമ'യെപ്പറ്റിപ്പോലും ചർച്ച ചെയ്യാൻ പാടില്ല എന്നാണ്. സബ്ജക്ട് കമ്മിറ്റിയിൽ ഇത്തരത്തിൽ ഇടപെടുന്നത് ശരിയാണോ? മറ്റ് കാര്യങ്ങൾ ചർച്ച ചെയ്തശേഷം നയപരമായ കാര്യങ്ങൾ ഒഴിച്ച് ബാക്കി ഇന്നലെ തീരുമാനിച്ചുകൂടായിരുന്നോ? നിയമസഭാ സബ്ജക്ട് കമ്മിറ്റിയെപ്പോലും ഫലപ്രദമായി പ്രവർത്തിക്കാൻ അനുവദിക്കാത്തവിധം ഗവൺമെന്റ് ഇടപെട്ടതുകാരണം നിയമസഭയുടെ നടപടിക്രമം സ്തംഭിച്ചിരിക്കുകയാണ്. നിയമസഭയുടെ നടപടിക്രമത്തിൽ ഗവൺമെന്റ് ഇടപെട്ടതോടുകൂടിയാണ് ഈ സ്ഥിതിവിശേഷം ഉണ്ടായത്. കാര്യവിവരപ്പട്ടികയിൽ മാറ്റം വരുത്താൻ സ്പീക്കർ തന്നെ നിർബന്ധിക്കപ്പെട്ടിരിക്കുന്ന അവസ്ഥ ഉണ്ടായിരിക്കുന്നു. അതുകൊണ്ട് ഈ പറയുന്ന സ്ഥിതിവിശേഷം ഉണ്ടായതിൽ ഞങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരവാദിയല്ല. ബിസിനസ് അഡ്വൈസറി കമ്മിറ്റിയുടെ തീരുമാനപ്രകാരം ഫലപ്രദമായ നിലയിൽ ക്രമീകരണം ഉണ്ടാക്കിയിരുന്നു. വേണമെങ്കിൽ നയപരമായ തീരുമാനം ക്യാബിനറ്റ് ചേർന്ന് എടുത്തശേഷം തിങ്കളാഴ്ച ആവശ്യമായ മാറ്റം വരുത്താമെന്നായിരുന്നു ഉദ്ദേശിച്ചിരുന്നത്. അതിൽനിന്നും വ്യത്യസ്തമായ ഒരു സ്ഥിതിയുണ്ടായത് മോശമായിപ്പോയി. ഇത്തരത്തിലുള്ള സമീപനം ഗവൺമെന്റ് ഭാഗത്തുനിന്നും ഉണ്ടായതിന് ശക്തമായ പ്രതിഷേധം ഞാൻ അറിയിക്കുകയാണ്. ഇതിൽ മാറ്റം വരുത്താൻ സഭയുടെ അനുമതിയോടുകൂടിയ വാറണ്ടായിരുന്നു എന്നുള്ള കാര്യംകൂടി പറയുകയാണ്. ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി ഇടപെട്ടതാണ് ഇത് കുഴപ്പത്തിലാക്കിയതെന്ന കാര്യം പത്രങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിജസ്ഥിതി സഭയ്ക്ക് അറിയണം.

ശ്രീ. കെ. പി. രാജേന്ദ്രൻ: ബിസിനസ് അഡ്വൈസറി കമ്മിറ്റി നടത്തിയ ചർച്ചയിൽ, അതിലുണ്ടായ ഒരു പൊതു കോൺസൻസസുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഇന്നലെ വിതരണം ചെയ്ത കാര്യവിവരപ്പട്ടികയിൽ 3 റിപ്പോർട്ടുകൾ സമർപ്പിക്കുമെന്നും ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി VI-ാം സബ്ജക്ട് കമ്മറ്റി റിപ്പോർട്ട് സമർപ്പിക്കുമെന്നും ഉണ്ട്. അത് പുതുക്കിയപ്പോൾ ഇല്ല. എന്ന് റിപ്പോർട്ട് വയ്ക്കുമെന്നും വ്യക്തതയില്ല. അതിനെക്കുറിച്ച് വിശദീകരണം തന്നതുമില്ല. ഇതിനെ സംബന്ധിച്ച് ധാരാളം പത്രങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. രണ്ടു ദിവസമായി നമ്മൾ സഭയിൽ നടത്തിയ ചർച്ചയിൽ, ധാരാളം വിഷയങ്ങൾ ഉന്നയിച്ചതുൾപ്പെടെ ഒന്നുരണ്ടു കാര്യങ്ങളിൽ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ഉറപ്പു നൽകി. സബ്ജക്ട് കമ്മിറ്റി ഇന്ന് വൈകുന്നേരം പരിശോധിച്ച് അതിന്റെ അടിസ്ഥാനത്തിൽ റിപ്പോർട്ട് സഭയിൽ സമർപ്പിച്ചശേഷം, അംഗങ്ങൾക്ക് കൊടുക്കണ്ടേ? തിങ്കളാഴ്ച നമ്മൾ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ക്ലോസ് ബൈ ക്ലോസായി ചർച്ച ചെയ്ത് ബിൽ അംഗീകരിക്കപ്പെടേണ്ടതാണ്. അതെന്ന് വരുമെന്ന് വ്യക്തതയില്ല. ഇതു സംബന്ധിച്ച് തീരുമാനങ്ങൾ എടുക്കുന്നതിൽ, സബ്ജക്ട് കമ്മിറ്റിയിലെ അംഗങ്ങൾക്ക് അഭിപ്രായം പറയുന്നതിനുള്ള അവകാശംപോലും നിഷേധിക്കപ്പെട്ടിരിക്കുന്നു. അംഗങ്ങൾ ഇവിടെ രണ്ടുദിവസം ചർച്ചയിൽ പങ്കെടുത്ത് പ്രകടിപ്പിച്ച അഭിപ്രായങ്ങൾ തിരസ്ക്കരിച്ചിരിക്കുകയാണ്. വളരെ നിഷേധാത്മകമായ നിലപാട് ഇതിൽ വന്നു. അങ്ങുതന്നെ മാറ്റം വരുത്തി. അതിന്റെ കാരണം എന്താണെന്ന് അറിയാനുള്ള അവകാശം സഭയിലെ അംഗങ്ങൾക്കില്ലേ? അത് ധാരാളം പത്രങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. .....ബഹളം.....

മി. സ്പീക്കർ: പാർട്ടി നേതാവ് പറഞ്ഞത് അനുവദിക്കാം. പുറകേ എല്ലാപേരും പറയുന്നത് അനുവദിക്കണമെന്ന് വച്ചാൽ. .... ബഹളം.....

ഡോ. എ. നീലലോഹിതദാസൻ നാടാർ: സർ, സബ്ജക്ട് കമ്മിറ്റി അംഗമെന്ന നിലയിലാണ് ഞാൻ സംസാരിക്കുന്നത്. ബിസിനസ് അഡ്വൈസറി കമ്മിറ്റി യോഗത്തിലുണ്ടായ ചർച്ചയെക്കുറിച്ച് അങ്ങേയ്ക്ക് അറിയാം. ഇന്നലെ ഈ സഭയിൽ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി സ്വീകരിച്ച സമീപനത്തെക്കുറിച്ച് അങ്ങേയ്ക്ക് അറിയാം. അതിൽനിന്നും തികച്ചും വ്യത്യസ്തമായ നിലപാടാണ് ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി സബ്ജക്ട് കമ്മിറ്റിയിൽ അങ്ങയുടെ അനുവാദത്തോടുകൂടി വന്ന് പ്രകടിപ്പിച്ചത്. സബ്ജക്ട് കമ്മിറ്റിയിൽവച്ച് ഈ

LIBRARY ARCHIVES Kerala Legislative Assembly

നിയമനിർമ്മാണത്തെ സംബന്ധിച്ച്, നമ്മുടെ കേരള സംസ്ഥാനത്താകമാനമുള്ള വിദ്യാർത്ഥികളും രക്ഷകർത്താക്കളും ബഹുജനങ്ങളും പ്രതീക്ഷയോടുകൂടി നോക്കിക്കാണുന്ന ഇതിനെ സംബന്ധിച്ച്, ഫലപ്രദമായ ചർച്ച നടത്താനോ അവിടെ ഒരു ധാരണയിൽ എത്താനോ കഴിയില്ലെന്നും ഇതുസംബന്ധിച്ച തീരുമാനം എടുക്കേണ്ടത് മന്ത്രിസഭയാണെന്നും മന്ത്രിസഭ ഇതുസംബന്ധിച്ച തീരുമാനം എടുത്തതിനുശേഷം മാത്രമേ സബ്ജക്ട് കമ്മിറ്റിക്ക് അവകാശമുള്ളൂ എന്ന നിലപാട്, ദൗർഭാഗ്യവശാൽ ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി അങ്ങയുടെ അനുവാദത്തോടുകൂടി അവിടെ കടന്നുവന്ന്, സ്വീകരിച്ചത് മൊത്തം പ്രശ്നങ്ങൾ കൂട്ടിക്കുഴയ്ക്കാനാണോയെന്ന് ഞാൻ ആവർത്തിച്ചാവർത്തിച്ച് ചോദിക്കുകയുണ്ടായി. അതുകൊണ്ട് അങ്ങ് ഈ കാര്യം ഗൗരവമായി എടുക്കണം. അങ്ങ് സഭാദ്ധ്യക്ഷൻ മാത്രമല്ല, ഈ സംസ്ഥാനത്ത് ഉത്തരവാദപ്പെട്ട ഒരു സ്ഥാനം വഹിക്കുന്ന ആളുമാണ്. അതുകൊണ്ട് സബ്ജക്ട് കമ്മിറ്റിയുടെ തീരുമാനത്തിന് ഇക്കാര്യം വിടണം. ഇത് മറ്റെവിടെയെങ്കിലും ചർച്ചയ്ക്കുവച്ചാൽ സമ്മർദ്ദംകൊണ്ട്, ഈ രാജ്യത്തെ ജനങ്ങൾ വളരെ പ്രതീക്ഷയോടുകൂടി നോക്കിക്കാണുന്ന ഈ നിയമനിർമ്മാണത്തിൽ കുഴപ്പം വരുത്തുമെന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കുവാനുള്ളത്.

ശ്രീ. എ. സി. ഷൺമുഖദാസ്: സർ, കാര്യോപദേശക സമിതിയുടെ പതിനെട്ടാമത് റിപ്പോർട്ട് അംഗീകരിച്ചു. ആ റിപ്പോർട്ടാണ് ഈ സഭയുടെ മുമ്പിലുള്ളത്. റൂൾ പ്രകാരം സബ്ജക്റ്റ് കമ്മിറ്റി പാസ്സാക്കി കഴിഞ്ഞ് രണ്ട് ദിവസം കിട്ടണം. ഇനി ഇന്ന് വൈകുന്നേരം സബ്ജക്റ്റ് കമ്മിറ്റി അംഗീകരിച്ചാലും നാളെ വെള്ളിയാഴ്ചയും മറ്റന്നാൾ ശനിയാഴ്ചയുമാണ്. ഈ റിപ്പോർട്ട് പ്രാബല്യത്തിൽ നിൽക്കുമോ? അങ്ങനെ നിൽക്കുന്നുവെങ്കിൽ തിങ്കളാഴ്ച തന്നെ ചർച്ചയ്ക്ക് വരണം. ഈ സഭയ്ക്ക് ഒരിക്കലും ഇല്ലാത്ത ഒരു അവസ്ഥയുണ്ടാക്കിയിരിക്കുന്നു. സബ്ജക്റ്റ് കമ്മിറ്റിയിൽ ചർച്ചയ്ക്ക് വന്നതാണ്. മാനേജ്മെന്റിന് വേണ്ടി ഒരു വക്കീൽ ആ സബ്ജക്റ്റ് കമ്മിറ്റിയിലുണ്ടായിരുന്നു എന്നതാണ് ഇതിന്റെ ഗൗരവപ്പെട്ട പ്രശ്നം. ഈ സഭയുടെ ഇത്രയും കൊല്ലത്തെ പരിപാവനമായ നിയമനിർമ്മാണ സൗകര്യത്തെ കളങ്കപ്പെടുത്തിയിരിക്കുന്നു. അതുകൊണ്ട് ഇത് ഗൗരവത്തിലെടുക്കണം. ചർച്ച ആവശ്യമാണ്. .....(ബഹളം).....

മി. സ്പീക്കർ: മിനിസ്റ്റർക്ക് വല്ലതും പറയാനുണ്ടോ? .....(ബഹളം)..... No.....No.....I don't hear. I don't admit anybody. No Point of Order. No..... Please resume your seat.....(ബഹളം).....

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : ഇവിടെ ബഹുമാനപ്പെട്ട കോടിയേരിയും രാജേന്ദ്രനും മറ്റ് ചില നേതാക്കൻമാരും പറഞ്ഞതൊന്നും ശരിയല്ല. സബ്ജക്റ്റ് കമ്മിറ്റിയുടെ പ്രൊസീഡിംഗ്സിനെ സംബന്ധിച്ചിടത്തോളം വളരെ സീക്രട്ടാണെന്നാണ് വയ്പ്. ഇത് എന്ത് ഉദ്ദേശമാണ്, ദേശാഭിമാനിയിൽ, "മാണി എതിർത്തു, സബ്ജക്റ്റ് കമ്മിറ്റിയിൽ തീരുമാനമായില്ല." (ദേശാഭിമാനി ദിനപത്രം സഭയിൽ ഉയർത്തി കാണിച്ചു) ഇതൊക്കെ വാസ്തവത്തിൽ പറഞ്ഞാൽ ഒരു പ്രിവിലേജ് ഇഷ്യൂ കൂടിയാണ്.....(ബഹളം).....മനഃപൂർവ്വം ഒരു പുകമറ സൃഷ്ടിക്കുന്നതിന് വേണ്ടിയുള്ള ഒരുക്കമാണ്. സബ്ജക്റ്റ് കമ്മിറ്റിയിലുണ്ടായ കാര്യം,

LIBRARY ARCHIVES Kerala Legislative Assembly

ഈ ഫീസിനെ സംബന്ധിച്ച് ഒരു സമവായം ഉണ്ടാക്കണമോ? അവിടെ അഭിപ്രായം വന്നു. സമവായം എന്നുപറയുന്നത് ഫീസിനെ സംബന്ധിച്ചിടത്തോളം പോളിസി ഡിസിഷൻ വേണമെങ്കിൽ ക്യാബിനറ്റ് കൂടിയേ തീരുമാനിക്കാനൊക്കു. ക്യാബിനറ്റ് കൂടി തീരുമാനിച്ചിട്ട് ക്യാബിനറ്റിന് എന്തെങ്കിലും അഭിപ്രായവ്യത്യാസം വരുത്തണമെങ്കിൽ ഗവൺമെന്റിന് ഫോർമലായിട്ടുള്ള അമെന്റ് മെന്റ്സ് മൂവ് ചെയ്യാം. അപ്പോൾ അവിടെ പറഞ്ഞു, 'അങ്ങനെയാണെങ്കിൽ നാളെ ചർച്ച മതിയെന്ന്' അങ്ങനെ എല്ലാവരും കൂടി യുനാനിമസായിട്ട് മാറ്റിവച്ചതാണ്. അവിടെ ഒരു വോട്ടെടുപ്പും നടന്നില്ല. യുനാനിമസായിട്ട് ഇന്നത്തെ ക്യാബിനറ്റ് ചർച്ച ചെയ്തിട്ട് എന്തെങ്കിലും മാറ്റം വരുത്തുന്നുണ്ടെങ്കിൽ അത് കഴിഞ്ഞിട്ട് സബ്ജക്റ്റ് കമ്മിറ്റി കൂടാമെന്ന് പറഞ്ഞ് പിരിയുകയാണ് ചെയ്തത്. ശ്രീ. കോടിയേരിയും ശ്രീ. കെ. പി. രാജേന്ദ്രനും പറഞ്ഞത് അടിസ്ഥാനരഹിതമാണ്. വല്ല കാര്യവുമുണ്ടോ? ഇങ്ങനെയൊരു റിപ്പോർട്ടാണോ ദേശാഭിമാനിയിൽ എഴുതേണ്ടത്. കള്ളപ്രചരണമാണ് നടക്കുന്നത്.....(ബഹളം).....(പ്രതിപക്ഷാംഗങ്ങൾ മാധ്യമം പത്രം ഉയർത്തികാണിച്ചു).....
.....(ബഹളം).....

മി. സ്പീക്കർ: ഓർഡർ.....ഓർഡർ, എന്ത് കാര്യത്തിനാണിത്? ഒരു കാര്യവും ഇല്ലാത്ത ബഹളങ്ങളല്ലേ? നിങ്ങളിപ്പോൾ രണ്ട് വശത്തുനിന്നു പറഞ്ഞതും കേട്ടല്ലോ, ഞാൻ പറയട്ടെ, ബഹുമാനപ്പെട്ട നിയമവകുപ്പുമന്ത്രിയെക്കൂടി അതിൽ പങ്കെടുപ്പിക്കണമെന്ന് വിദ്യാഭ്യാസ മന്ത്രി എനിക്ക് എഴുതിത്തന്നിരുന്നു. വിദ്യാഭ്യാസമന്ത്രി എനിക്ക് എഴുതിയതുകൊണ്ടാണ്, പ്രധാനപ്പെട്ട ഒരു നിയമമായതുകൊണ്ടാണ് നിയമമന്ത്രിക്ക് അതിൽ പങ്കെടുക്കാൻ അനുവാദം കൊടുത്തത്. ഇതിൽ ശ്രീ. രാജേന്ദ്രൻ എഴുതിത്തന്നത് പോലെ റിപ്പോർട്ടിന് വിരുദ്ധമായിട്ട് ഒന്നുമില്ല. എപ്പോൾ പ്രസന്റ് ചെയ്യണമെന്നൊന്നും റിപ്പോർട്ടിൽ പറഞ്ഞിട്ടില്ല. രാജേന്ദ്രൻ എഴുതിത്തന്നിരിക്കുന്നത് അങ്ങനെയാണ്.....(ബഹളം).....
രാജേന്ദ്രൻ റിപ്പോർട്ട് പോലും നോക്കാതെയാണ് എഴുതിത്തന്നിരിക്കുന്നത്. അതുതന്നെ തെറ്റാണ്. ഈ ഹൗസിന്റെ തീരുമാനമല്ലാതെയുള്ള ഏത് സർക്കുലേഷനും ഇവിടെ ചെയറിന്റെ ഇഷ്ടം പോലെ മാറ്റാം. ഹൗസിന്റെ തീരുമാനമുള്ള ഒരു ഡിസിഷനാണെങ്കിൽ അത് ഹൗസിനേ ചെയ്ഞ്ച് ചെയ്യാൻ അധികാരമുള്ളു. അതല്ലാതെ ഏത് വേണമെങ്കിലും ചെയറിന് തീരുമാനിക്കാം. ഇതൊരു സിമ്പിൾ മാറ്ററല്ലേ? ഇന്നലെ സബ്ജക്റ്റ് കമ്മിറ്റി കൂടി പിന്നെ ബിസിനസ്സ് അഡ്വൈസറി കമ്മിറ്റിയിൽ വന്ന് ചർച്ച് ചെയ്തതാണ്. ഇതിൽ ചില നിയന്ത്രണങ്ങൾ കൂടി വരുന്നത് നല്ലതാണ്. ചെയർ എന്നുള്ള രീതിയിൽ ഞാൻ അതിനെ അനുകൂലിച്ചതാണ്. ഭരണപക്ഷത്ത് നിന്നും അതിന് അനുകൂലമായ ചില ചിന്ത വന്നു. അപ്പോൾ അത് ക്യാബിനറ്റ് ഡിസ്ക്കസ് ചെയ്യുമെന്ന് സി.എം. തന്നെ പറഞ്ഞു. ഇന്നലെ ഫൈനൽ റിപ്പോർട്ടുണ്ടാക്കി ഇവിടെ തരാതെ ഇന്ന് ക്യാബിനറ്റ് കൂടി തീരുമാനമെടുത്തതിന് ശേഷം വൈകുന്നേരത്ത് സബ്ജക്റ്റ് കമ്മിറ്റി കൂടി നാളെ കാലത്ത് റിപ്പോർട്ട് വന്നാൽ ആകാശം ഇടിഞ്ഞുവീഴുമോ? എനിക്കൊന്നും മനസ്സിലാകുന്നില്ല. നാളെ കാലത്ത് റിപ്പോർട്ട് ഇവിടെ പ്രസന്റ് ചെയ്യും. ഇതെല്ലാം ഉച്ചയ്ക്ക് മുൻപ് വിതരണം ചെയ്യും. .....
.....(ബഹളം).....

LIBRARY ARCHIVES Kerala Legislative Assembly

ശനിയാഴ്ച വരെ അമെന്റ് മെന്റ് തരാനുള്ള സാവകാശം തരും. അതുകൊണ്ട് യാതൊരു കുഴപ്പവും ഇവിടെയില്ല. ഇവിടെ ആകാശമൊന്നും ഇടിഞ്ഞ് വീഴില്ല.....
.....(ബഹളം).....
നിങ്ങൾ പറയുന്ന രണ്ട് ക്ലിയർ ഡേയ്സാണെങ്കിൽ തന്നെയും, വെള്ളിയാഴ്ച പ്രസന്റ് ചെയ്താൽ പിന്നെ ശനിയും ഞായറുമില്ലേ?
.....(ബഹളം).....
ശനിയും ഞായറും രണ്ട് ക്ലിയർ ഡേയ്സല്ലേ? .....(ബഹളം).....
നിങ്ങൾ വരുമോ ഇല്ലയോ എന്നുള്ളതല്ല. നിങ്ങളെന്തെങ്കിലും റെലവന്റ് പോയിന്റ് പറഞ്ഞാൽ അത് കേൾക്കാം. അത് അനുവദിക്കാനും ഞാൻ തയ്യാറാണ്. പക്ഷേ ഒരു കാര്യവുമില്ലാതെ ബഹളമുണ്ടാക്കി എന്തിനാണ് ഹൗസിന്റെ സമയം കളയുന്നത്?.....(ബഹളം).....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ബഹുമാനപ്പെട്ട ചെയർ നാളെ രാവിലെ റിപ്പോർട്ട് സമർപ്പിക്കുമെന്ന് പറഞ്ഞതിനോട് ഞങ്ങൾ യോജിക്കുന്നു. അങ്ങനെ നാളെ രാവിലെ സമർപ്പിക്കുകയാണെങ്കിൽ അതിനനുസരിച്ച് തിങ്കളാഴ്ചത്തേയ്ക്ക് അമെന്റ് മെന്റ് കൊടുക്കാനാവശ്യമായ സൗകര്യം കൂടി ഞങ്ങൾക്ക് തരണം.

മി.സ്പീക്കർ: യെസ്. അതെല്ലാം തരും. തിങ്കളാഴ്ച വൈകുന്നേരം എടുക്കത്തക്കവണ്ണം ശനിയാഴ്ച വൈകുന്നേരം വരെ ഭേദഗതി തരാൻ സമയം തരും.
.....(ബഹളം).....നിങ്ങൾക്ക് ഇത് തിങ്കളാഴ്ച എടുക്കണ്ട, ചൊവ്വാഴ്ച എടുത്താൽ മതിയെങ്കിൽ എനിക്ക് സമ്മതമാണ്. തിങ്കളാഴ്ചയെങ്കിലും ഇത് പാസ്സാക്കണ്ടേ? തിങ്കളാഴ്ച പാസ്സാക്കണ്ട എന്നുണ്ടെങ്കിൽ ചൊവ്വാഴ്ച പാസ്സാക്കാം. എനിക്ക് സമ്മതം തന്നെ.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഇത് ബി.എ.സി എടുത്തിരിക്കുന്ന തീരുമാനമാണ്. അത് നമുക്ക് നടപ്പിലാക്കണം. അത് നടപ്പിലാക്കാൻ കഴിയുന്ന വിധത്തിൽ അങ്ങ് കൂടി സഹായകരമായ നിലപാടെടുക്കണം.

മി.സ്പീക്കർ: ഏത് സൗകര്യം വേണമെങ്കിലും ചെയ്യും.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: നിയമമന്ത്രിയുടെ ഇടപെടൽ കൂടി ഒഴിവാക്കിയാൽ രക്ഷപ്പെട്ടു.

ശ്രീ. ആര്യാടൻ മുഹമ്മദ്: ഞാനൊരു കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. രണ്ട് ഭാഗത്തുനിന്നും ഒരുപോലെ ആക്ഷേപം വന്നിരിക്കുകയാണ്. സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് പത്രത്തിൽ വന്നു. അത് റൂൾ അനുസരിച്ച് തെറ്റാണ്. ആരും കമ്മിറ്റി റിപ്പോർട്ട് സ്പീക്കറുടെ അനുവാദം കൂടാതെ പബ്ലിഷ് ചെയ്യാൻ പാടില്ല.

മി.സ്പീക്കർ: അത് വാസ്തവമാണ്. സബ്ജക്റ്റ് കമ്മിറ്റി പ്രൊസീഡിംഗ്സൊന്നും പുറത്ത് പറയാൻ പാടില്ല, പ്രസിദ്ധീകരിക്കാനും പാടില്ല. തെറ്റാണ്. വാസ്തവത്തിൽ പ്രിവിലേജുമാണ്.

ശ്രീ. ആര്യാടൻ മുഹമ്മദ്: ഞാനൊന്ന് പറഞ്ഞ് തീരട്ടെ, അതുകൊണ്ട് അത് സുവോമോട്ടോയായി, രണ്ട് ഭാഗത്ത് നിന്നും ആക്ഷേപം വന്നതുകൊണ്ട്, പ്രിവിലേജ് ഇഷ്യൂ ആയി എടുക്കണമെന്നാണ് എന്റെ റിക്വസ്റ്റ്.

LIBRARY ARCHIVES Kerala Legislative Assembly

മി.സ്പീക്കർ: അത്രയൊന്നും സ്ട്രിക്റ്റായിട്ട് വേണ്ട. ഇതൊക്കെ കോംപ്രൈസ് ആകേണ്ടേ? .....(ബഹളം).....

# VI ധനകാര്യം

## 2004-05 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): ഭൂനികുതി എന്ന VI -ാം നമ്പർ ധനാഭ്യർത്ഥനയുടെയും ജില്ലാ ഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്ക് നേരെ 7-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുക 2004-2005 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി): സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

*ബഡ്ജറ്റ് എസ്റ്റിമേറ്റ് 2004-2005*

| *ധനാഭ്യർത്ഥന നമ്പർ* | *ധനാഭ്യർത്ഥനയുടെ പേര്* | *4-2-2004-ൽ സഭ വോട്ട് ചെയ്തുകഴിഞ്ഞ തുക* | | *സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക* | | *ആകെ* |
|---|---|---|---|---|---|---|
| | | റവന്യൂ (രൂപ) | മൂലധനം (രൂപ) | റവന്യൂ (രൂപ) | മൂലധനം (രൂപ) | (രൂപ) |
| VI | ഭൂനികുതി | 47,43,05,000 | .. | 94,86,11,000 | .. | 94,86,11,000 |
| XI | ജില്ലാ ഭരണവും പലവകയും | 42,66,13,000 | .. | 85,32,25,000 | .. | 85,32,25,000 |
| XXI | ഭവന നിർമ്മാണം | 26,89,46,000 | 4,49,46,000 | 53,78,93,000 | 8,98,92,000 | 62,77,85,000 |
| XXVI | പ്രകൃതി ക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് | 54,48,67,000 | .. | 108,97,33,000 | .. | 108,97,33,000 |

LIBRARY ARCHIVES Kerala Legislative Assembly